**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6131** **09-07-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കുന്ന നിയന്ത്രണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ പേരിനൊപ്പം ബാങ്ക് എന്ന് ഉപയോഗിക്കുന്നതിന് റിസർവ് ബാങ്ക് എന്തെങ്കിലും നിയന്ത്രണം കൊണ്ടുവന്നിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 1949-ലെ ബാങ്കിംഗ് റഗുലേഷൻ നിയമത്തിൽ ഭേദഗതി വരുത്തി കൊണ്ട് 2020- ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമം പാർലമെന്റ് പാസ്സാക്കിയിരുന്നു.ടി ഭേദഗതിയിലെ വകുപ്പ് 3-ലെ വ്യവസ്ഥകൾ പ്രകാരം പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കും കാർഷിക വികസനത്തിനും ലക്ഷ്യമിട്ട് ദീർഘകാല വായ്പകൾ വിതരണം ചെയ്യുന്ന സംഘങ്ങൾക്കും ബാങ്ക്, ബാങ്കർ, ബാങ്കിംഗ് എന്ന പേര് സംഘത്തിന്റെ പേരിനോടൊപ്പം ചേർത്ത് ഉപയോഗിക്കാൻ കഴിയില്ല. മാത്രമല്ല ടി സംഘങ്ങൾക്ക് 'Cheque' പോലുള്ള സാമ്പത്തിക സംവിധാനം നൽകാനും കഴിയില്ല. ഈ വ്യവസ്ഥകൾ പാലിക്കണമെന്ന് നിർദ്ദേശിച്ച് RBI കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | സഹകരണ സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ നിയന്ത്രണങ്ങളെ മറികടക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | ഭരണഘടന വ്യവസ്ഥകൾ പ്രകാരമാണ് സംസ്ഥാന സഹകരണ നിയമം പാസ്സാക്കിയിട്ടുള്ളത്. ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾ മിക്കവയും കേരള സഹകരണ സംഘം നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധവും സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതാണ്.ഈ സാഹചര്യത്തിൽ പ്രസ്തുത വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി സഹകാരികൾ, PACS Association ഭാരവാഹികൾ, സഹകരണ സംഘം/ ബാങ്ക് ജീവനക്കാരുടെ സംഘടനാ പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തിയതിൽ ഉരുത്തിരിഞ്ഞ ആശയത്തിന്റെ അടിസ്ഥാനത്തിൽ പത്രസമ്മേളനം, അംഗങ്ങളുടെ ഭവന സന്ദർശനം, സഹകാരി സംഗമം എന്നിവ ജില്ലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയുമുണ്ടായി. കൂടാതെ ഭരണഘടനയുടെ ആർട്ടിക്കിൾ 131 പ്രകാരം കേന്ദ്ര ബാങ്കിംഗ് റെഗുലേഷൻ നിയമ ഭേദഗതികളെ ചോദ്യം |

| | | | |
|---|---|---|---|
| | | | ചെയ്ത് ബഹു.സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുമുണ്ട്.<br><br>കേന്ദ്ര ആദായനികുതി നിയമത്തിൽ കൂട്ടിചേർത്ത 194 A, 194 N എന്നീ വ്യവസ്ഥകൾ സഹകരണ സംഘങ്ങളുടെ പ്രവർത്തന ലാഭത്തെ കാര്യമായി ബാധിക്കുന്നതാണ്. 194A-ലെ വ്യവസ്ഥകൾ പ്രകാരം നിക്ഷേപത്തിന്മേലുള്ള പലിശ വരുമാനം വർഷം 40000/- ൽ കൂടുതൽ ആയാൽ സംഘങ്ങൾ TDS അടക്കാൻ ബാധ്യസ്ഥരാകുന്നതാണ്. ആയത് കേരളത്തിലെ പ്രാഥമിക സംഘങ്ങളെ ബാധിക്കുന്നതാണ്. ടി വ്യവസ്ഥകൾക്കെതിരെ സംഘങ്ങൾ ഹൈക്കോടതിയിൽ നിന്ന് സ്റ്റേ നേടിയിട്ടുണ്ട്. 194N-ലെ വ്യവസ്ഥകൾ പ്രകാരം ഒരു വർഷം 3 കോടി രൂപയിൽ കൂടുതൽ പണമായി പിൻവലിച്ചാൽ 2% TDS നൽകുന്നതിന് സംഘങ്ങൾക്ക് ബാധ്യതയുണ്ട്. ടി വ്യവസ്ഥയിലും സംഘങ്ങൾ സ്റ്റേ നേടിയെടുത്തിട്ടുണ്ട്. ഈ വ്യവസ്ഥ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ